Amrita University

# സ്വാതിയുടെ ആരോഗ്യനില ഏറെ മെച്ചപ്പെട്ടു

കൊച്ചി • അമൃത ആശുപത്രിയിൽ കരൾമാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കുശേഷം രണ്ടാഴ്ച പിന്നിടുമ്പോൾ സ്വാതി കൃഷ്ണ സാധാരണ ജീവിതത്തിലേക്കു മടങ്ങുന്നു. ട്രാൻസ്പ്ലാന്റ് ഐസിയുവിൽ നിന്നു മുറിയിലേക്ക് ഏതാനും ദിവസം മുൻപു മാറ്റിയ സ്വാതിയുടെ ചിത്രം ഇന്നലെ ആശുപത്രി അധികൃതർ പുറത്തുവിട്ടു.

കരളിന്റെ പ്രവർത്തനം സാധാരണനിലയിൽ തുടരുന്നതായി ആശുപത്രി അധികൃതർ ബുള്ളറ്റിനിൽ അറിയിച്ചു. രണ്ടു ദിവസമായി ചോറും നൽകുന്നുണ്ട്. രാവിലെയും വൈകുന്നേരവുമായി മുറിക്കുള്ളിൽ അൽപനേരം നടത്തുന്നുണ്ട്. പൂർണാരോഗ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ നടക്കുമ്പോൾ രണ്ടു പേരുടെ സഹായം വേണം. സംസാരിക്കാൻ കഴിയുന്നുണ്ടെങ്കിലും ശബ്ദം സാധാരണനിലയിലായിട്ടില്ല. സംസാരശേഷിയിൽ പുരോഗതി വന്നിട്ടുണ്ടെന്നും കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഇതും പൂർവസ്ഥിതിയിൽ ആകുമെന്നും ഡോക്ടർമാർ അറിയിച്ചു. അണുബാധയുടെ സാധ്യത കണക്കിലെടുത്ത് സ്വാതിയുടെ മാതാപിതാക്കളെ മാത്രമേ മുറിക്കുള്ളിൽ ഇപ്പോഴും പ്രവേശിപ്പിക്കുന്നുള്ളൂ.



**കരളിലുണ്ട്, നാടിന്റെ സ്നേഹം:** കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയായ സ്വാതി കൃഷ്ണ കൊച്ചിയിലെ ആശുപത്രി മുറിയിൽ അച്ഛൻ കൃഷ്ണൻകുട്ടിക്കും അമ്മ രാജിക്കുമൊപ്പം.